# പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5590 | 25.10.2011-ൽ മറുപടിയ്ക്ക്

## കൊച്ചി രാജ്യാന്തര മറീന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എ.എം. ആരിഫ് | | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) | കൊച്ചിയിലെ ബോൾഗാട്ടി ദ്വീപിനു സമീപം കെ.റ്റി.ഡി.സി യുടെ രാജ്യാന്തര മറീന പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; ഒന്നാംഘട്ട പദ്ധതിയിൽ സമുദ്രസഞ്ചാരികൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (ബി) | ഇന്ത്യയിലെ നാവിക ടൂറിസത്തിന്റെ പ്രധാന കേന്ദ്രമായി കൊച്ചിയെ വികസിപ്പിക്കുന്നതിന്റെ ഭാഗമായാണ് കൊച്ചി ഇന്റർനാഷണൽ മറീന ആരംഭിച്ചത്. മികച്ചസൗകര്യങ്ങളോടെയുള്ള കൊച്ചി ഇന്റർനാഷണൽ മറീന ബോൾഗാട്ടി ദ്വീപിന്റെ കിഴക്ക് ഭാഗത്ത് അന്തർ ദേശീയ കപ്പൽ ചാനലിനു സമീപമാണ് സ്ഥിതിചെയ്യുന്നത്. കൊച്ചി മറീനയിൽ അന്തർ ദേശീയ ലക്ഷ്വറി യാട്ടുകൾക്ക് പാർക്കു ചെയ്യുന്നതിനുള്ള സൗകര്യമാണുള്ളത്. ഒരേസമയം 34-ഓളം യാട്ടുകൾക്ക് പാർക്ക് ചെയ്യാവുന്നതാണ്. |

യാട്ടുകൾക്ക് സുരക്ഷിതമായി പാർക്കു ചെയ്യുന്നതിനൊപ്പം അതിലെ മാലിന്യങ്ങൾ നീക്കം ചെയ്യുക, ശുദ്ധജലം, വൈദ്യുതി എന്നിവ ലഭ്യമാക്കുക, അത്യാവശ്യ അറ്റകുറ്റ പണികൾ ചെയ്യുക എന്നീ സൗകര്യങ്ങളാണ് കൊച്ചിയിലെ മറീനയിലുള്ളത്.

(സി) അതിന്റെ അനുബന്ധ പ്രവർത്തനങ്ങൾക്കായി എത്ര തുകയാണ് നീക്കിവെച്ചിട്ടുള്ളതെന്നും എന്തെല്ലാം പ്രവർത്തികളാണിതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അറിയിക്കുമോ ?

(സി) മറീന പദ്ധതിയുടെ ചിലവ് ഏകദേശം 8.21 കോടി രൂപയാണ്. മറീന പദ്ധതിക്കായി കേന്ദ്ര സർക്കാർ 3.98 കോടി രൂപയുടെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ 34 യാട്ടുകൾക്ക് നങ്കൂരമിടാൻ വേണ്ട സൗകര്യങ്ങളാണ് നിർമ്മിച്ചിട്ടുള്ളത്. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 16 യാട്ടുകൾക്ക് കൂടിയുള്ള സൗകര്യം നിർമ്മിക്കുന്നതാണ്. ഇതിന് ഏകദേശം 70 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. മറീനയുടെ അനുബന്ധമായി 24 മുറി കളോട് കൂടിയ മറിന ഹൗസ് നിർമ്മിച്ചു കഴിഞ്ഞിട്ടുണ്ട്. ഗോൾഫ് കോഴ്സ് സൗകര്യമുള്ള ലോകത്തിലെ ഏക മറീന എന്നത് കൊച്ചി മറീനയുടെ പ്രത്യേകതയാണ്. പദ്ധതിയോട്

അനുബന്ധിച്ച് ഒരു മറീന മ്യൂസിയം കൂടി വിഭാവനം ചെയ്തിട്ടുണ്ട്. ഇതിന് 10 ലക്ഷം രൂപയാണ് ചിലവ് പ്രതീക്ഷിക്കുന്നത്. മറീന പദ്ധതിയു-മായി ഉൾപ്പെട്ട ബാക്കി യെല്ലാ പണി-കളും ഇതിനോടകം പൂർത്തിയായി കഴിഞ്ഞിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായ ത്തോടെ നിലവിലുള്ള മറീന വിപുലീ കരിക്കാനുള്ള പദ്ധതിയുടെ രൂപ-രേഖയും തയ്യാറാക്കി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ